പാഠം 5

(ആരാധന)

# നോഹ ഒരു പെട്ടകം ഉണ്ടാക്കുന്നു

*വേദഭാഗം: ഉല്പത്തി 6:5–18, Patriarchs & Prophets pp. 90 - 97.*

*മനഃപാഠവാക്യം: "ഞങ്ങൾ യഹോവയുടെ വാക്ക് കേട്ടനുസരിക്കും" (യിരെ. 42:6)*

## സന്ദേശം

**നാം അവനെ അനുസരിക്കുമ്പോൾ നാം ദൈവത്തെ ആരാധിക്കുന്നു.**

***ഒരു തടിവള്ളം ഉണ്ടാക്കാൻ നിങ്ങൾക്കറിയാമോ? വളരെ നാളുകൾക്ക് മുമ്പ് ദൈവം നോഹയോട് ഒരു വലിയ പെട്ടകം ഉണ്ടാക്കാൻ പറഞ്ഞു. എന്നാൽ എങ്ങനെയെന്ന് നോഹക്കറിയില്ലായിരുന്നു. എന്ത് ചെയ്യണമെന്ന് അവനെ കാണിച്ചത് ആരാണെന്നാണ് നിങ്ങൾ കരുതുന്നത്?***

അവൻ ഉണ്ടാക്കിയ ലോകത്തെ ദൈവം നോക്കി. ആരംഭത്തിൽ അത് വളരെ മനോഹരമായിരുന്നു. എന്നാൽ മനുഷ്യർ വളരെ ദുഷ്ടന്മാരായിത്തീർന്നു. വളരെ കുറച്ച് ആളുകൾ മാത്രമെ ഇപ്പോഴും ദൈവത്തെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്തുള്ളൂ. മിക്കവരും അവർക്ക് ചിന്തിക്കാവുന്ന ചീത്ത കാര്യങ്ങളെല്ലാം ചെയ്തു. അതുമൂലം അവർക്ക് വലിയ കഷ്ടപ്പാടുണ്ടായി എന്ന് ദൈവം കണ്ടിട്ട് മനുഷ്യരെ ഉണ്ടാക്കിയതിൽ ദൈവം മനഃസ്താപിച്ചു. ഭൂമിയെ നശിപ്പിച്ചതിനു ശേഷം വീണ്ടും തുടങ്ങാമെന്ന് ദൈവം തീരുമാനിച്ചു.



ഒരു നല്ല മനുഷ്യനും, ഇപ്പോഴും ദൈവത്തെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്ത ചുരുക്കം ചിലരിൽ ഒരാളുമായ നോഹ എന്ന അവന്റെ കൂട്ടുകാരനോട് ദൈവം സംസാരിക്കാൻ പോയി. ദൈവം നോഹയോട് പറഞ്ഞു, "ഭൂമി

യിൽ ദുഷ്ടത നിറഞ്ഞിരിക്കുന്നതുകൊണ്ട് ഞാൻ അതിനെ നശിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഭൂമി മുഴുവൻ നിറയുന്ന ഒരു വലിയ ജലപ്രളയം ഞാൻ അയക്കും. എന്നാൽ എന്നെ സ്നേഹിക്കുന്നവരെ രക്ഷിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നീയും നിന്റെ കുടുംബവും സുരക്ഷിതമായിരിക്കേണ്ട തിനു ഒരു വലിയ പെട്ടകം ഉണ്ടാക്കുക. മനുഷ്യരും മൃഗങ്ങളും നിന്നോ ടൊപ്പം അതിൽ കടക്കേണ്ടതിനു അത് വലുതായി നിർമ്മിക്കുക." പെട്ടകം എങ്ങനെ ഉണ്ടാക്കണം എന്ന് ദൈവം നോഹയോട് പറഞ്ഞു. "ഗോഫർ മരംകൊണ്ട് പെട്ടകം ഉണ്ടാക്കേണം" അവൻ പറഞ്ഞു, നീളമുള്ള തടിക്ക ഷണങ്ങൾ. പെട്ടകത്തിന്റെ അകവും പുറവും വെള്ളം കേറാതിരിക്കാനായി കീല് തേക്കണം. പെട്ടകം വളരെ നീളത്തിലും, വീതിയിലും പൊക്കത്തിലും ഉണ്ടാക്കണം.

പെട്ടകത്തിന് മൂന്ന് നിലകൾ ഉണ്ടാക്കണമായിരുന്നു, ഒരു താഴത്തെ നില, ഒരു മുകൾനില മറ്റൊരു മുകൾ നില. അതൊരു വലിയ പെട്ടകം ആയിരിക്കണമായിരുന്നു!

ദൈവം അവനോട് ചെയ്യാൻ പറഞ്ഞതെല്ലാം നോഹ വളരെ ശ്രദ്ധ യോടെ കേട്ടു. പിന്നീട് അവൻ അനുസരിച്ച് നാമിന്ന് പെട്ടകം എന്ന് വിളി ക്കുന്ന വലിയ വള്ളത്തിന്റെ പണി ആരംഭിച്ചു.

അത്തരമൊരു വലിയ വള്ളം നിർമ്മിക്കുക എന്നത് വലിയ ജോലി യായിരുന്നു കൂടാതെ അതിന് വളരെയധികം കാലം എടുക്കുമായിരുന്നു. നോഹക്ക് സഹായം ആവശ്യമായിരുന്നു. അവന്റെ മൂന്ന് മക്കൾ ശേം, ഹാം, യാഫെത്ത് എന്നിവർ അവനെ സഹായിച്ചു. കൂടാതെ മറ്റുള്ളവരും സഹാ യിച്ചു. അവർ വനങ്ങളിലേക്ക് പോയി ഗോഫർ മരം വെട്ടി. അവർ അത് വെട്ടി പലകയാക്കി അത് മിനുസപ്പെടുത്തി. പിന്നീട് അവർ പലകകൾ ചേർത്ത് കെട്ടുവാൻ തുടങ്ങി. വളരെ സാവകാശം അവർ പെട്ടകത്തിന്റെ പണി ചെയ്യുവാൻ തുടങ്ങി. ദൈവം പറഞ്ഞതുപോലെ തന്നെ, അത് സുര ക്ഷിതമായി ഒഴുകേണ്ടതിന് അവർ ഒരുതരം ടാറായ കീൽകൊണ്ട് പെട്ട കത്തെ പൂശി.

നോഹ വളരെ ശ്രദ്ധയോടെ ദൈവത്തിന്റെ നിർദ്ദേശങ്ങൾ പാലിച്ചു. ബൈബിൾ പറയുന്നത് അവൻ എല്ലാം ദൈവം കല്പിച്ചതുപോലെ ചെയ്തു എന്നാണ്. കൂടാതെ ദൈവം നോഹയോടും അവന്റെ സഹായികളോടും കൂടെയുണ്ടായിരുന്നു കൂടാതെ അവരെ കാത്തുരക്ഷിച്ചു. നാമും ദൈവ ത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നാം എന്ത് ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെന്ന് നമ്മുടെ ബൈബിൾ പറയുന്നു. നാം അവനെ അനുസരിക്കുമ്പോൾ, നാം അവനെ ആരാധിക്കു കയാണ്. നമ്മെ കാത്തുപരിപാലിക്കുന്നതിന് നാം അവനോട് നന്ദി പറ യുന്ന ഒരു രീതിയാണ് അത്.

## ചെയ്യുക പറയുക

**ശബ്ബത്ത്**

ഉല്പത്തി 6:5-8, 18 വാക്യങ്ങൾ ഒത്തുചേർന്ന് വായിക്കുക. ജലപ്രളയത്തിനുള്ള ദൈവത്തിന്റെ കാരണങ്ങളെക്കുറിച്ച് സംസാരിക്കുക. പറയുക: അവനെ സ്നേഹിച്ചവരെ സൂക്ഷിക്കാൻ അവനൊരു പദ്ധതിയുണ്ട്. കൂടാതെ അവൻ നമ്മെയും കാത്തുപരിപാലിക്കുന്നു. ദൈവം നിങ്ങളുടെ കുടുംബത്തെ പരിപാലിക്കുന്ന വഴികളെക്കുറിച്ച് ചിന്തിക്കുവാൻ കുട്ടിയെ സഹായിക്കുക. ശബ്ബത്ത് സ്കൂളിലുണ്ടാക്കിയ മനഃപാഠവാക്യ പസിൽ ഒരുമിച്ച് ഉപയോഗിക്കുക.

**ഞായർ**

ബൈബിളിൽനിന്ന് (ഉല്പ. 6:14-16) ദൈവം നോഹക്ക് നൽകിയ നിർദ്ദേശങ്ങൾ ഒരുമിച്ച് വായിക്കുക. നമുക്കായുള്ള ഇന്നത്തെ ദൈവത്തിന്റെ നിർദ്ദേശങ്ങളെക്കുറിച്ച് നാം എവിടെയാണ് പഠിക്കുന്നത്? അവനെ ആരാധിക്കുന്നതിന്റെ ഒരു ഭാഗമാണ് അവനെ അനുസരിക്കുന്നത് എന്ന് ഊന്നിപ്പറയുക. ചോദിക്കുക: നിങ്ങൾ എങ്ങനെയാണ് അനുസരിക്കുന്നത്? (കുട്ടി വ്യക്തമായ ഉദാഹരണങ്ങൾ നൽകട്ടെ). മനഃപാഠവാക്യം ഒരുമിച്ച് പറയുക. നോഹ ചെയ്തതുപോലെ വിശ്വസ്തമായി ദൈവത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ നിങ്ങളുടെ കുടുംബത്തെ സഹായിക്കുന്നതിനായി ദൈവത്തോട് യാചിക്കുക.

**തിങ്കൾ**

ഉല്പത്തി 6:15,16 ഒരുമിച്ച് ആവർത്തിക്കുക. ഒരു വലിയ തുറസ്സായ സ്ഥലത്ത് പെട്ടകത്തിന്റെ വലിപ്പം അളക്കുക. വലിപ്പം അടയാളപ്പെടുത്തുവാൻ കല്ലുകളോ കമ്പുകളോ ഉപയോഗിക്കുക. പെട്ടകത്തിന്റെ നീളം 450 അടി (137.2 മീറ്റർ) 75 അടി (22.86 മീറ്റർ) വീതി, കൂടാതെ 45 അടി (13.72 മീറ്റർ) പൊക്കം എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

**ചൊവ്വ**

തടിയോ കളിവള്ളമോ ഉപയോഗിച്ച് കുട്ടി അത് വെള്ളത്തിൽ ഒഴുക്കട്ടെ. ശരിയായി പണിതാൽ ഒരു വള്ളം എപ്പോഴും ഒഴുകും എന്ന് ഉറപ്പിച്ച് പറയുക. അവർ ദൈവത്തിന്റെ നിർദ്ദേശങ്ങൾ ശരിയായി പിന്തുടർന്നതുകൊണ്ട് നോഹയുടെ കുടുംബം പെട്ടകത്തിനുള്ളിൽ സുരക്ഷിതരായിരുന്നു. മനഃപാഠവാക്യം ആവർത്തിക്കുക. നിങ്ങളുടെ കുടുംബത്തെ സുരക്ഷിതമായി വെക്കുന്നതിനാൽ ദൈവത്തിന് നന്ദി പറയുക.

**ബുധൻ**

കലങ്ങളും ചട്ടികളും അല്ലെങ്കിൽ കളിപ്പാട്ട ഉപകരണങ്ങളും ഉപ

യോഗിച്ച് പെട്ടകം ഉണ്ടാക്കട്ടെ. സാധ്യമെങ്കിൽ ഒരു കെട്ടിടനിർമ്മാണ സ്ഥലം സന്ദർശിച്ച് തടികൊണ്ടുള്ള ചട്ടകൂട് കാണുക. നിങ്ങളുടെ ഭവനത്തിനായി ദൈവത്തിന് നന്ദി പറയുക.

**വ്യാഴം**

ചെറിയ കമ്പുകളോ ഒട്ടിച്ച് ശമ്പ്വത്ത് സ്കൂളിൽനിന്ന് കൊണ്ടുവന്ന പെട്ടകത്തിന്റെ മാതൃക ഉണ്ടാക്കുക. അല്ലെങ്കിൽ ഒരു ലളിതമായ വള്ള ത്തിന്റെ ചിത്രം വരയ്ക്കുക. മനഃപാഠവാക്യം ആവർത്തിക്കുക. ബൈബി ളിൽ അവൻ നൽകുന്ന നിർദ്ദേശങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക.

**വെള്ളി**

ബൈബിൾ കഥയുടെ ഭാഗങ്ങൾ ഉല്പത്തി 6:5-18-ൽ നിന്ന് ഒരുമിച്ച് വായിക്കുക. ചോദിക്കുക: നിങ്ങൾ നോഹയുടെ കുട്ടിയായിരുന്നെങ്കിൽ ഒരു വലിയ വള്ളമുണ്ടാക്കുന്നതിനെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നും? പെട്ടകത്തെക്കുറിച്ച് ഒരു പാട്ട് പാടുക. മനഃപാഠവാക്യം ഒരുമിച്ച് പറഞ്ഞ് ഈ ആഴ്ചയിൽ നിങ്ങൾ പഠിച്ചതിനെല്ലാമായി ദൈവത്തിന് നന്ദി പറയു ക.